റഗുലറൈസ് ചെയ്യപ്പെട്ട പ്രൊട്ടക്റ്റഡ് അദ്ധ്യാപകർ

965 [1161] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം എത്ര പ്രൊട്ടക്റ്റഡ് അദ്ധ്യാപകരെ റഗുലറൈസ് ചെയ്തു;

(ബി) ഈ മന്ത്രിസഭ അധികാരത്തിൽ വരുമ്പോൾ എത്ര പ്രൊട്ടക്റ്റഡ് അദ്ധ്യാപകർ ഉണ്ടായിരുന്നു;

(സി) പുതിയ സ്കൂളുകൾ അനുവദിക്കുമ്പോൾ ഈ അദ്ധ്യാപകരെ നിയമിക്കണമെന്ന് മാനേജ്മെന്റ് ഡിപ്പാർട്ടുമെന്റുമായി എഗ്രിമെന്റ് വെക്കാറുണ്ടോ;

(ഡി) ഉണ്ടെങ്കിൽ 16-6-86 വരെ എത്ര പേർ ഇങ്ങനെ എഗ്രിമെന്റ് വച്ചു;

(ഇ) എഗ്രിമെന്റ് പ്രകാരം എത്ര മാനേജർമാർ എത്ര അദ്ധ്യാപകരെ നിയമിച്ചു;

(എഫ്) ഇപ്രകാരം നിയമിക്കാത്ത എത്ര മാനേജർമാർ ഉണ്ട്;

(ജി) പ്രൊട്ടക്റ്റഡ് അദ്ധ്യാപകരെ നിയമിക്കാതിരുന്നാൽ അവരുടെ പേരിൽ നിലവിലുള്ള നിയമപ്രകാരം എന്തു നടപടികൾ സ്വീകരിക്കാൻ കഴിയും;

(എച്ച്) കരാർ ലംഘനം നടത്തിയ മാനേജർമാരുടെ പേരിൽ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ഉത്തരം.

(എ, ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) ഉണ്ട്.

(ഡി) 427

(ഇ, എഫ്) വിവരം ശേഖരിച്ചു വരുന്നു.

(ജി) സ്കൂളിന്റെ അംഗീകാരം പിൻവലിക്കാം.

(എച്ച്) കരാർ ലംഘനം നടത്തിയതായികണ്ടാൽ മാനേജർമാരുടെ പേരിൽ യുക്തമായ നടപടി എടുക്കുന്നതാണ്.

ഉത്തരക്കടലാസ് പരിശോധിച്ച അദ്ധ്യാപകർക്ക് ലഭിക്കേണ്ട പ്രതിഫലം

966 [1162] ശ്രീ. എ. വി. അബ്ദുറഹിമാൻഹാജി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985 സെപ്തംബറിൽ നടത്തിയ എസ്. എസ്. എൽ. സി. പരീക്ഷയുടെ ഉത്തരക്കടലാസ് പരിശോധിച്ച അദ്ധ്യാപകർക്ക് ലഭിക്കേണ്ട പ്രതിഫലം ഇതുവരെ ലഭിച്ചിട്ടില്ലെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 1986 മാർച്ചിലെ പരീക്ഷാഫലം പ്രസിദ്ധീകരിച്ച് വളരെ നാളായിട്ടും അതിനു മുൻപു നടത്തിയ പരീക്ഷാപ്രതിഫലം നൽകാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly